പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 82** **12-10-2026-ൽ മറുപടിയ്ക്ക്**

**നീലേശ്വരം-ഇടത്തോട് റോഡ് പ്രവൃത്തി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നീലേശ്വരം-ഇടത്തോട് റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

**മറുപടി:** നീലേശ്വരം ഇടത്തോട് റോഡ് പ്രവൃത്തിക്ക് 16/03/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 42.10 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. 27.11.2018-ന് സാങ്കേതികാനുമതി നൽകിയ പ്രസ്തുത പ്രവൃത്തി 28.02.2019-ലെ കരാർ ഉടമ്പടി പ്രകാരം 08.03.2019-ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. 12.77 കി.മീ വരുന്ന പ്രസ്തുത റോഡിൽ 8.36 കി.മീ ഭാഗത്ത് DBM പൂർത്തീകരിച്ചിരുന്നെങ്കിലും പിന്നീട് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാര്യമായ പുരോഗതി ഇല്ലാത്തതിനാൽ പലതവണകളായി നോട്ടീസ് നൽകിയ ശേഷം KRFB പ്രോജക്റ്റ് ഡയറക്ടറുടെ 29/05/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്തിരുന്നു. DBM വരെ പൂർത്തിയാക്കിയ 8.36 കി.മീ ഒഴികെയുള്ളതിൽ ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ പൂർത്തിയായ നീലേശ്വരം ടൗൺ ഉൾപ്പെടുന്ന 1.5 കി.മീ ഭാഗവും ബാക്കി വരുന്ന 2.916 km ഭാഗവും നിലവിൽ ഗതാഗത യോഗ്യമല്ല എന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. പിന്നീട് യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും ഭൂമിയേറ്റെടുക്കലിനുള്ള അധിക തുക ഉൾപ്പെടുത്തി 19.06.2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം പദ്ധതിയുടെ സാമ്പത്തികാനുമതി 43.27 കോടി രൂപയായി പരിഷ്കരിച്ച് നൽകിയിരുന്നു.

**(ബി)** റിസ്ക് ആൻഡ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ടെർമിനേറ്റ് ചെയ്യപ്പെട്ട പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

**മറുപടി:** പദ്ധതിയുടെ ബാലൻസ് പ്രവൃത്തി ക്രമീകരിക്കുന്നതിലേക്കായി കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 16.02.2024-ന് നടന്ന 152-മത് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച് ആയത് കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ നിലവിലെ പ്രവൃത്തിയുടെ ക്ലോഷർ റിപ്പോർട്ട്, ക്ലോഷർ ഷെഡ്യൂൾ എന്നിവ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് ആയത് 15.03.2024 തീയതിയിൽ കിഫ്ബിയിൽ നിന്നും തിരികെ അയച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ ബാലൻസ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് DSR 2016 പ്രകാരം തയ്യാറാക്കി 26.03.2024-ന് നടന്ന 155-ാമത് ടെക്നിക്കൽ കമ്മിറ്റി ആകെ എസ്റ്റിമേറ്റ് തുക സാമ്പത്തികാനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി സമർപ്പിക്കുവാൻ തീരുമാനിച്ചു. എന്നാൽ സർക്കാരിൽ നിന്നുള്ള 08/04/2024-ലെ PWD-G1/557/2023-PWD കത്ത് പ്രകാരം നഷ്ടോത്തരവാദിത്തത്തിൽ റദ്ദ് ചെയ്യുന്ന കരാറുകളുടെ ബാക്കി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന സമയത്തെ DSR ഉപയോഗിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് DSR 2018 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 23.07.2024-ന് നടന്ന 161-ാമത് ടെക്നിക്കൽ കമ്മിറ്റി 55.8 കോടി രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേക്ക് സമർപ്പിക്കുകയും എന്നാൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയുടെ ക്ലോഷർ ഷെഡ്യൾ, ക്ലോഷർ റിപ്പോർട്ട് എന്നിവ സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് 09.08.2024-ന് കിഫ്ബിയിൽ നിന്ന് തിരികെ അയക്കുകയും ചെയ്തു. തുടർന്ന് ആവശ്യമായ മാറ്റങ്ങൾ വരുത്തിയ ക്ലോഷർ ഷെഡ്യൂൾ 13.01.2025-ന് നടന്ന 175-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ വച്ച് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് 29.01.2025-ന് കിഫ്ബിക്ക് സമർപ്പിച്ചെങ്കിലും 01.04.2021 മുതൽ സംസ്ഥാനത്ത് DSR 2021 നിലവിൽ വന്നതിനാൽ ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR 2021 പ്രകാരം തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് 19.05.2025-ന് SPV-ക്ക് തിരിച്ച് നൽകിയിരുന്നു. ആയത് SPV പുനഃസമർപ്പിച്ചെങ്കിലും 07.04.2025-ന് നടന്ന 58-ാമത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം ടെർമിനേറ്റ് ചെയ്ത പ്രവൃത്തിയുടെ ബാലൻസ് പ്രവർത്തിയുടെ എസ്റ്റിമേറ്റ് DSR 2016 നിരക്കിൽ പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ട് വീണ്ടും കിഫ്ബി തിരിച്ച് നൽകുകയും, ആയത് പ്രകാരമുള്ള എസ്റ്റിമേറ്റ് 09.10.2025-ന് നടന്ന 194-ാമത് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പുതുക്കിയ സാമ്പത്തികാനുമതിക്കായി തിരികെ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 28.01.2026-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 58.93 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകിയിരുന്നു. ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 13.02.2026-ന് നടന്ന 209-ാമത് ടെക്നിക്കൽ കമ്മിറ്റികൾ സമർപ്പിച്ച് 26.02.2026-ന് 34.15 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കി 02.03.2026-ന് ടെണ്ടർ ചെയ്തിരുന്നെങ്കിലും ടെണ്ടറിൽ ഒരു ബിഡർ മാത്രമേ പങ്കെടുത്തുള്ളൂ എന്നതിനാൽ പ്രവൃത്തി 21.05.2026-ന് റീ-ടെണ്ടർ ചെയ്യുകയും ടെക്നിക്കൽ ബിഡ് 05.06.2026 തീയതിയിൽ തുറക്കുകയും ചെയ്തിരുന്നു. 05.08.2026-ന് നടന്ന 220-ാമത് ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത prequalification evaluation അംഗീകരിച്ചിരുന്നു. എന്നാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി KRFB-PMU നടപ്പിലാക്കുന്ന കരാർ ഉടമ്പടി വയ്ക്കാത്ത വിവിധ പദ്ധതികളുടെ തുടർ നടപടികൾ സംബന്ധിച്ച നിർദേശത്തിനായി 23.06.2026-ന്

സർക്കാരിലേക്ക് കത്ത് നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമായിരുന്നില്ലെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഇതിനിടെ ബാലൻസ് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. എം.എൽ.എ CMO പോർട്ടൽ മുഖേന സമർപ്പിച്ച കത്ത് പരിഗണിച്ച് കിഫ്ബി/ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായ ചട്ടങ്ങളും പൂർണ്ണമായും പാലിച്ച കൊണ്ട് ടെണ്ടർ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും 08.09.2026-ലെ കത്ത് പ്രകാരം കിഫ്ബി KRFB പ്രോജക്റ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഫിനാൻഷ്യൽ ബിഡ് തുറക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്നതിനായി KRFB 30.09.2026-ന് വീണ്ടും സർക്കാരിലേക്ക് കത്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്.

**(സി)** പ്രസ്തുത പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ബഹു. എം.എൽ.എ CMO പോർട്ടൽ മുഖേന സമർപ്പിച്ച കത്ത് പരിഗണിച്ച് കിഫ്ബി/ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായ ചട്ടങ്ങളും പൂർണ്ണമായും പാലിച്ച കൊണ്ട് ടെണ്ടർ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും 08.09.2026-ലെ കത്ത് പ്രകാരം കിഫ്ബി KRFB പ്രോജക്റ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 13.08.2026-ന് നടന്ന കിഫ്ബി ജനറൽ ബോഡി യോഗത്തിൽ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന (ongoing) പ്രവൃത്തികൾ തുടരുന്നതിന് ബോർഡ് അനുമതി നൽകുകയും, കൂടാതെ ബോർഡ് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ 22.09.2026-ലെ കത്ത് പ്രകാരം SPV-ക്ക് (KRFB) കിഫ്ബിയിൽ നിന്നും നിന്നും നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ SPV-ക്ക് (KRFB) ഫിനാൻഷ്യൽ ബിഡ് തുറന്ന് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ച് കിഫ്ബിയുടെ നടപടി ക്രമങ്ങൾ പ്രകാരമുള്ള അംഗീകാരം ലഭ്യമാക്കി യോഗ്യനായ കരാറുകാരന് LOA നൽകി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്

**സെക്ഷൻ ഓഫീസർ**